**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3689** **12-03-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് നിർത്തലാക്കിയ സർവ്വീസുകൾ ചുവടെ ചേർക്കുന്നു.<br>1. 06.10 മുണ്ടക്കയം<br>2. 19.10 പളനി<br>യാത്രക്കാരുടെ ലഭ്യതകുറവ് കാരണം പ്രവർത്തന ചെലവ് പോലും ലഭ്യമാകാത്ത സാഹചര്യത്തിൽ നിർത്തിവെച്ചത്. |
| (ബി) | ബസ് സർവ്വീസുകൾ നിർത്തലാക്കിയ റൂട്ടുകളിലെ യാത്രക്കാർക്ക് യാത്രചെയ്യുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, ജനകീയ പ്രതിബദ്ധതയുള്ള സർവ്വീസുകളും ട്രിപ്പുകളും നിലനിർത്തി (സ്കൂൾ ട്രിപ്പുകൾ, തോട്ടം മേഖലകൾ, ആദിവാസി മേഖലകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ നടക്കുന്ന മേഖലകൾ എന്നിവ) മറ്റ് ട്രിപ്പുകൾ കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ സ്റ്റേ സർവ്വീസ് ആയി ക്രമീകരിക്കുകയോ ചെയ്യുകയും ചെയ്ത് ചെലവ് ചുരുക്കുകയും ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രാക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ആയി മാറ്റി പുനഃക്രമീകരിക്കുകയും ആവശ്യമായ കണക്ഷൻ സർവ്വീസ് നൽകുകയും ചെയ്ത് പുനഃക്രമീകരിക്കുകയും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിൽ നിന്നും 06.10 മുണ്ടക്കയം സർവ്വീസിനെ ആശ്രയിക്കുന്ന യാത്രക്കാർക്കും കൂടി ഗുണകരമാകും വിധം 06.30 മണി |

| | | | |
|---|---|---|---|
| | | | കുമിളിയായി പുനഃക്രമീകരിക്കുകയും, 19.10 പളനി സർവ്വീസ് ചേർത്തല ഡിപ്പോയിലേയ്ക്ക് മാറ്റി അവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ